**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6509 01.11.2011 - ൽ മറുപടിയ്ക്ക്

## ശസ്ത്രക്രിയാ സാമഗ്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നൂൽ,പഞ്ഞി,ഗ്ലൗസ് തുടങ്ങിയ അവശ്യ സാധനങ്ങൾ പോലും ലഭ്യമല്ലാത്തതിനാൽ മെഡിക്കൽ കോളേജുകളടക്കം വിവിധ ആശുപത്രികളിൽ ശസ്ത്രക്രിയകൾ മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഇല്ല. ഏതെങ്കിലും സാഹചര്യത്തിൽ എന്തെങ്കിലും മരുന്ന് ലഭ്യമല്ലാതെ വന്നാൽ ലോക്കൽ പർച്ചേസ് മുഖാന്തിരമോ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴിയോ മരുന്നുകളും മറ്റ് അവശ്യ സാധനങ്ങളും വാങ്ങി നൽകുവാൻ അതാത് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നം ഉടലെടുക്കാനിടയായ സാഹചര്യങ്ങൾ വിശദീകരിക്കാമോ ; | | |
| (സി) | ലോക്കൽ പർച്ചേസിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (സി) | ഏതെങ്കിലും ഒരു മരുന്ന് ആശുപത്രിയിൽ ലഭ്യമല്ലായെങ്കിൽ ആ മരുന്ന് ലോക്കൽ പർച്ചേസ് വഴി വാങ്ങി രോഗിയ്ക്ക് നൽകുന്നതാണ്. ഒരു രോഗിയ്ക്ക് പ്രസ്തുത മരുന്ന് രോഗ ശമനത്തിനു വേണ്ടി അത്യാവശ്യമാണെന്ന് ചികിൽസിക്കുന്ന ഡോക്ടർ ആവശ്യപ്പെടുകയും ആ മരുന്ന് ആശുപത്രിയുടെ സ്റ്റോറിൽ ലഭ്യമല്ലായെന്ന് സ്റ്റോർ സൂപ്രണ്ട് അറിയിക്കുകയും ചെയ്താൽ ആശുപത്രി മേധാവി പ്രസ്തുത മരുന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ സ്റ്റോക്കിൽ ലഭ്യമല്ലായെന്നുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിനു ശേഷം 20,000/- രൂപ വരെയുള്ള മരുന്നുകൾ കൊട്ടേഷൻ മുഖാന്തിരവും, 20,000/- ത്തിന് മുകളിലുള്ള മരുന്നുകൾ ടെണ്ടർ മുഖാന്തിരവും വാങ്ങുന്നു. |
| (ഡി) | അതിന്റെ മറവിൽ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | (ഡി) | പർച്ചേസ് റൂൾസിനു വിധേയമായിട്ടാണ് ലോക്കൽ പർച്ചേസ് നടത്തുന്നത്. സാമ്പത്തിക ക്രയ വിക്രയങ്ങൾ ആരോഗ്യ വകുപ്പിന്റെ |

(തുടർച്ച ...........2)

| | | | |
|---|---|---|---|
| | | | കീഴിലുള്ള ആഡിറ്റ് വിഭാഗം വർഷാവർഷം പരിശോധന നടത്തി ക്രമക്കേടുകൾ ഉണ്ടെങ്കിൽ ആശുപത്രി മേധാവിയിൽ നിന്നും പിഴ ഈടാക്കുന്നതാണ്. |
| (ഇ) | രോഗികൾ തന്നെ മരുന്നും ശസ്ത്രക്രിയ വസ്തുക്കളും വാങ്ങിയാൽ പണം മടക്കി കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഇ) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന എന്നു മുതൽ മരുന്ന് വിതരണം നടത്താൻ കഴിയുമെന്ന് വിശദീകരിക്കാമോ ? | (എഫ്) | മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇപ്പോൾ എല്ലാ മരുന്നുകളും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴിയാണ് വിതരണം ചെയ്യുന്നത്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന നേരത്തേ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ ലഭ്യതയനുസരിച്ച് കോർപ്പറേഷൻ സപ്ലൈ ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ